(എ) കെ.എ.എസ്.പി.എഫ്.ൽ ഒടുക്കിയ വിഹിതം ജനറൽ പ്രോവിഡന്റ് ഫണ്ടിലേക്ക് മാറ്റുന്നതിനുള്ള മലപ്പുറം ജില്ലയിലെ അപേക്ഷകൾ ഏതു വർഷം മുതലുള്ളവ തീർപ്പാകാതെയുണ്ട്;

(ബി) ഇക്കാര്യത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എ.എസ്.എ.പി.എഫ്. തുക ജനറൽ പ്രോവിഡന്റ് ഫണ്ടിലേക്ക് മാറ്റുന്നതിനായി 84-85 വർഷം മുതലുള്ള അപേക്ഷകളാണ് മലപ്പുറം ജില്ലയിൽ തീർപ്പാകാതെയുള്ളത്.

(ബി) തീർപ്പാകാതെ അവശേഷിക്കുന്ന അപേക്ഷകളിൽ എത്രയും വേഗം തീർപ്പുകൽപ്പിക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്.

**109 (1327) സേതുമാധവനെ അബ്സോർബ് ചെയ്യുന്നതിന് നടപടി**

ശ്രീ. വി. സി. കബീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ആലത്തൂർ എ.ഇ.ഒ. ആഫീസിൽ ജോലി ചെയ്തു വരുന്ന ക്ളാർക്ക് ശ്രീ. സേതുമാധവനെ ഗവൺമെന്റിൽ അബ്സോർബ് ചെയ്യണമെന്ന് കാണിച്ച് നിവേദനം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് എന്നാണ് നൽകിയത്; ഈകാര്യത്തിൽ ഗവൺമെന്റ് തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ;

(സി) അദ്ധ്യാപകരുടെ കാര്യത്തിൽ ഇറക്കിയ ജി.ഒ.ആർ.റ്റി. 3000/85/പൊ.വി.എന്ന ഉത്തരവ് ശ്രീ. സേതുമാധവനും ബാധകമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ശ്രീ. സേതുമാധവനെ അബ്സോർബ് ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 9.7.90 ൽ ഇക്കാര്യം സർക്കാർ പരിഗണനയിലാണ്.

(സി) അദ്ധ്യാപകരുടെ കാര്യത്തിൽ ഇറക്കിയ നിലവിലുള്ള ഉത്തരവുകൾ സേതുമാധവന് ബാധകമല്ല. തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഡി) ഇക്കാര്യത്തിൽ വിവിധ വശങ്ങൾ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**110 (1328) ഫാർമസ്യൂട്ടിക്കൽ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട്**

ശ്രീ. പി. ജെ. ഫ്രാൻസിസ് :
ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
ശ്രീ. എം. മുരളി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
എ.കെ. മണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) നിർദ്ദിഷ്ട ഫാർമസ്യൂട്ടിക്കൽ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഏതൊക്കെ മേഖലകളിലെ സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യകത കണക്കിലെടുത്താണ് കോഴ്സുകളുടെ രൂപരേഖ തയ്യാറാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) ഈ മേഖലയിലെ വിദേശ തൊഴിൽ സാദ്ധ്യത കണക്കിലെടുത്തിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചുവരുന്നു.

**111 (1329) ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സിലെ അംഗങ്ങൾ**

ശ്രീ. ടി. എം. ജേക്കബ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സിൽ സംസ്ഥാനത്ത് എത്ര കുട്ടികൾ അംഗങ്ങളായിട്ടുണ്ട്;

(ബി) ഈ കുട്ടികൾക്ക് പരിശീലനവും മറ്റും കൊടുക്കുന്നതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സിന്റെ സ്റ്റേറ്റ് ഹെഡ് ക്വാർട്ടേഴ്സിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്;

(ഡി) ഹെഡ്ക്വാർട്ടേഴ്സിന്റെ പ്രവർത്തനരീതികൾ എപ്രകാരമെന്ന് വെളിപ്പെടുത്തുമോ;

(ഇ) അവിടെ തുടരുന്ന സെക്രട്ടറിയുടെ പ്രവർത്തനത്തെ സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ജി) ഈ സ്ഥാപനത്തിലെ ഏതെങ്കിലും ജീവനക്കാർക്കെതിരെ എന്തെങ്കിലും നടപടികൾ ഈ അടുത്ത കാലത്ത് സ്വീകരിച്ചിട്ടുണ്ടോ;

(എച്ച്) എങ്കിൽ ഇതിനുള്ള കാരണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1997-98 ലെ വാർഷിക റിപ്പോർട്ട് അനുസരിച്ച് 1,23,183 കുട്ടികൾ കേരള സ്റ്റേറ്റ് ഭാരത് സ്കൗട്ട്സ് ആന്റ് ഗൈഡ്സിൽ അംഗങ്ങളായിട്ടുണ്ട്.

(ബി) യുവജനങ്ങളുടെ കായികവും സാമൂഹികവും ആത്മീയവുമായ അന്ത:ശക്തികളെ പൂർണ്ണമായും വികസിപ്പിച്ച് അവരെ വ്യക്തികളെന്ന നിലയ്ക്കും ഉത്തരവാദിത്വമുള്ള പൗരൻമാർ എന്ന നിലയ്ക്കും പ്രാദേശികവും അന്തർദേശീയവുമായ സമൂഹങ്ങളിലെ അംഗങ്ങളെന്ന നിലയ്ക്കും വളർത്തിയെടുക്കുന്നതിൽ സംഭാവന നല്കുകയാണ് ഈ പ്രസ്ഥാനത്തിന്റെ ഉദ്ദേശ്യം.

സ്കൗട്ടിന്റെ തത്ത്വങ്ങളിൽ അധിഷ്ഠിതമായ ആശയങ്ങൾ കുട്ടികളിൽ വേരുറപ്പിക്കുന്നതിനുതകുന്ന ബാഡ്ജ് പഠനങ്ങളും ക്യാമ്പിംഗ്,

LIBRARY ARCHIVES Kerala Legislative Assembly